# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1825** — **07/03/2017-ന് മറുപടിക്ക്**

**<u>ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്</u>**

**ചോദ്യം**
ശ്രീ.രാജു എബ്രഹാം

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലാസ്റ്റ് ഗ്രേഡ് (വിവിധം) റാങ്ക് ലിസ്റ്റ് ഏതൊക്കെ ജില്ലകളിലാണ്. ഇപ്പോൾ നിലവിലുള്ളത് ; | (എ) | എല്ലാ ജില്ലകളിലും ലാസ്റ്റ് ഗ്രേഡ് (വിവിധം) തസ്തികയുടെ റാങ്ക് പട്ടിക നിലവിലുണ്ട്. |
| (ബി) | യൂണിവേഴ്സിറ്റിയുടെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ പി.എസ്.സി.ക്ക് കൈമാറുന്നതു സംബന്ധിച്ച് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എടുത്ത തീരുമാനം സർക്കാർ ഉത്തരവായി പുറത്തിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തടസ്സം എന്താണ്; | (ബി) | വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാക്കുന്നതുമായി ബന്ധപ്പെട്ട Kerala Public Service Commission(Additional functions as respects the services under Universities) Act 2015, 21.12.2015-ൽ നിലവിൽ വന്നു എങ്കിലും ഇതിനനുസൃതമായി Kerala Public Service Commission Consultation Regulation/Rules രൂപീകൃതമായിട്ടില്ല. |
| (സി) | അടിയന്തരമായി തടസ്സം നീക്കി നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും യൂണിവേഴ്സിറ്റിയിലേക്ക് ലാസ്റ്റ് ഗ്രേഡ് നിയമനം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (സി) | നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുള്ളതും എന്നാൽ ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും നിയമനം പി.എസ്.സി. വഴി നടത്തുന്നതിനാവശ്യമായ ചട്ടങ്ങൾ എത്രയും വേഗം രൂപീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Ranjith MR
സെക്ഷൻ ഓഫീസർ